കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - വയോജന ക്ഷേമത്തിനുള്ള വിവിധ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ വയോജന ജാഗ്രത സമിതി രൂപീകരിച്ച് ഉത്തരവ് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം.3030/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 29.11.2018.

---

പരാമർശം : 1)സ.ഉ(സാധാ)നം. 2776/2018/തസ്വഭവ. തീയതി, 30.10.2018.

## ഉത്തരവ്

സമൂഹത്തിലെ ഏറെ പരിഗണന അർഹിക്കുന്ന വയോജനങ്ങളുടെ ക്ഷേമം മുൻ നിർത്തി വയോജനങ്ങൾക്ക് നേരെയുണ്ടാകുന്ന സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം, അതിക്രമങ്ങൾ എന്നിവയിൽ ഇടപെട്ട് പരിഹരിക്കുന്നതിനും അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും വേണ്ടി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പരാമർശ(1)ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റിയിലെ ക്രമ നം 1 ലെ ഐസിഡിഎസ് ചെയർപേഴ്സൺ എന്നതിന് പകരം സി.ഡി.എസ് ചെയർപേഴ്സൺ എന്ന് തിരുത്തികൊണ്ടും വയോജന ജാഗ്രത സമിതിയിൽ പഞ്ചായത്തു പ്രസിഡന്റിനെ ക്രമ നമ്പർ ഒന്നാമതായും സി .ഡി എസ് ചെയർപേഴ്സണിനെ ക്രമ നമ്പർ രണ്ടാമതായും ചേർത്തുകൊണ്ടും പരാമർശ(1)ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യുന്നു.

മേൽ ഭേദഗതിയോടെ പരാമർശ(1)ലെ സർക്കാർ ഉത്തരവ് നിലനില്ക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ